MALAYALA MANORAMA - 14-01-2025



ഐസിഎആർ സിഫ്റ്റിന്റെയും റിലയൻസ് ഫൗണ്ടേഷന്റെയും നേതൃത്വത്തിൽ മത്സ്യത്തൊഴിലാളികൾക്കായുള്ള ശബ്ദരേഖ സന്ദേശത്തിന്റെ ഉദ്ഘാടനം സിഫ്റ്റ് ഡയറക്ടർ ഡോ.ജോർജ് നൈനാൻ നിർവഹിക്കുന്നു

# മത്സ്യത്തൊഴിലാളികൾക്ക് ഇനി ശബ്ദസന്ദേശ സേവനം

കൊച്ചി ● സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയും (സിഫ്റ്റ്) റിലയൻസ് ഫൗണ്ടേഷനും ചേർന്നു മത്സ്യത്തൊഴിലാളികൾക്കായി നടപ്പാക്കുന്ന ശബ്ദ സന്ദേശ സേവനം ആരംഭിച്ചു. സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാൻ ഉദ്ഘാടനം ചെയ്തു.

കടൽ സുരക്ഷ, ബോട്ട് സുരക്ഷ, മത്സ്യ ശുചിത്വം, മൂല്യവർധിത ഉൽപന്നങ്ങൾ എന്നിവയെ കുറിച്ചുള്ള പ്രധാനപ്പെട്ട വിവരങ്ങൾ മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണുകളിൽ ലഭ്യമാക്കുന്നതാണു പദ്ധതി.

വിവരങ്ങൾ സിഫ്റ്റിലെ ശാസ്ത്രജ്ഞരുടെ സഹായത്തോടെ റിലയൻസ് ഫൗണ്ടേഷൻ വോയ്സ് കോൾ വഴി മത്സ്യത്തൊഴിലാളികൾക്കു ലഭ്യമാക്കും. സിഫ്റ്റിലെ എക്സ്റ്റൻഷൻ ഇൻഫർമേഷൻ ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വിഭാഗമാണു പദ്ധതി ഏകോപിപ്പിക്കുന്നത്. 6 തീരദേശ ജില്ലകളിലെ 60,000 മത്സ്യത്തൊഴിലാളികൾക്കു സേവനം ലഭ്യമാകുമെന്നു റിലയൻസ് ഫൗണ്ടേഷൻ ക്ലസ്റ്റർ മാനേജർ നഫാസ് കെ. നാസർ പറഞ്ഞു.